# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 956** **25/01/2018-ന് മറുപടിക്ക്**

## ഡാമുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ

**ചോദ്യം**

**ശ്രീ. എസ്. രാജേന്ദ്രൻ**

എ) ദേവികുളം നിയോജകമണ്ഡലത്തിൽ അഞ്ച് വർഷത്തിനു മുകളിലായി പ്രഖ്യാപിച്ച പട്ടിശ്ശേരി ഡാം, അപ്പർ ചട്ടനാർ ചെക്ക് ഡാം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത് നടപടിയാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

**ഉത്തരം**

**മാത്യു ടി. തോമസ്**
**(ജലവിഭവ വകുപ്പ് മന്ത്രി)**

എ) കാവേരി നദീജല ട്രിബ്യൂണലിന്റെ വിധി പ്രകാരം കേരളത്തിനനുവദിച്ച 30 TMC ജലത്തിൽ പാമ്പാർ ബേസിനുവേണ്ടി അനുവദിക്കപ്പെട്ട 3 TMC ജലം സംഭരിക്കുന്നതിനുവേണ്ടി വിഭാവന ചെയ്തിട്ടുള്ള പാമ്പാർ ബേസിൻ പ്രോജക്ടിൽ ഉൾപ്പെടുത്തി ചെയ്യുന്ന ഡാമുകളിൽ ദേവികുളം മണ്ഡലത്തിൽ വരുന്ന പട്ടിശ്ശേരി ഡാമിന്റെ (0.078 TMC) നിർമ്മാണത്തിനുള്ള ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച് വർക്ക് ടെണ്ടർ ചെയ്ത് പണികൾ ആരംഭിച്ചിരുന്നു. എന്നാൽ ഫൗണ്ടേഷനു വേണ്ടി എർത്ത് വർക്ക് എസ്കവേഷൻ നടത്തിയപ്പോൾ ഹാർഡ് റോക്ക് ലെവൽ എത്തുന്നതിന് ഡിസൈൻ പ്രകാരമുള്ള ലെവലിൽ നിന്നും ഏതാണ്ട് 10 മീറ്ററോളം അധികം താഴ്ത്തേണ്ടിവന്നതിനാൽ ഡാമിന്റെ ഡിസൈൻ മാറുകയും പുതുക്കിയ ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റ്

തയ്യാറാക്കി അംഗീകാരത്തിനായി സർക്കാരിൽ ലഭിക്കുകയും ചെയ്തു. ഈ അവസരത്തിൽ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ ബാക്കി പണികൾ എഗ്രിമെന്റ് പ്രകാരമുള്ള നിരക്കിൽ ചെയ്യുവാൻ വിസമ്മതിച്ചതിനാൽ കോൺട്രാക്ട് ടെർമിനേറ്റ് ചെയ്ത് വർക്ക് റീ ടെണ്ടർ ചെയ്യുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലെ കരാറുകാരന്റെ കരാർ അവസാനിപ്പിക്കുകയുണ്ടായി. ഇതിനെതിരെ കോൺട്രാക്ടർ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും കോൺട്രാക്ടറുമായി ഇക്കാര്യത്തിൽ ഹിയറിംഗ് നടത്തി തീരുമാനമെടുക്കുവാൻ സർക്കാരിനോട് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുമുണ്ട്. കൂടാതെ ടെർമിനേഷൻ ഉത്തരവ് റദ്ദ് ചെയ്തതായി ബഹു.ഹൈക്കോടതി അറിയിച്ചിട്ടുണ്ട്.അതിനാൽ കോടതി വിധി വിശദമായി പരിശോധിച്ച് അതിന്മേൽ തുടർ നടപടി സ്വീകരിച്ചതിനു ശേഷം മാത്രമേ പട്ടിശ്ശേരി ഡാമിന്റെ ബാക്കി പണികൾ പുനരാരംഭിക്കുവാൻ സാധിക്കുകയുള്ളു.

ദേവികുളം മണ്ഡലത്തിൽ വരുന്ന അപ്പർചട്ട, ലോവർചട്ട, മൂന്നാർ ഡാമുകളിലെ സർവ്വേ നടപടികൾ തലയാർ ടീ കമ്പനിയുടെ എതിർപ്പുമൂലം ദീർഘനാളായി തടസ്സപ്പെട്ടിരുന്നെങ്കിലും ഇടുക്കി

| | | |
| --- | --- | --- |
| | | ജില്ലാ കളക്ടറുടെ പ്രത്യേക ഉത്തരവു പ്രകാരം ഇപ്പോൾ പര്യവേഷണ ജോലികൾ ആരംഭിച്ചിട്ടുണ്ട്. |
| ബി)നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത ഡാമുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ? | ബി) | അപ്പർചട്ട , ലോവർചട്ട , മൂന്നാർ ഡാമുകളുടെ സർവ്വേ നടപടികൾ പൂർത്തിയാക്കി മണ്ണു പര്യവേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഐ.ഡി.ആർ.ബി തയ്യാറാക്കുന്ന ഡിസൈൻ പ്രകാരം വിശദമായ പദ്ധതി രേഖ തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്നതിന് നടപടികൾ നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**